കേരള സർക്കാർ

# അശമന്നൂർ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.2)2121/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 13.12.2016

അശമന്നൂർ ഗ്രാമ പഞ്ചായത്ത്
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

സർ,

വിഷയം : അശമന്നൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.2)2121/2016)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 13.12.2016

## എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 *ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ്* 215(4) , 1994 *ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്* 13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം* 18 *എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.03.2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ മുൻ വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട്.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.11.2016മുതൽ 06.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കുമാരി.സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സ്റ്റാർ.പി ജോൺ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ അനീഷ് ആർ , ഓഡിറ്റർ |
| | ശ്രീ പ്രവീൺ.വി.എൻ., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1.ശ്രീമതി. ഡെയ്സി തോമസ് | 1.4.2014മുതൽ13.5.2014വരെ |
| | 2.ശ്രീമതി.ഷിജി ഷാജി | 14.5.2014മുതൽ31.3.2015വരെ |
| വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. എൻ എൻ കുഞ്ഞ് | 1.4.2014മുതൽ31.3.2015വരെ |
| ആരോഗ്യ,വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി. ബിന്ദു നാരായണൻ | 1.4.2014മുതൽ31.3.2015വരെ |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി.ലളിതകുമാരി മോഹനൻ | 1.4.2014മുതൽ31.3.2015വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി സുജി ജോണി | 1.4.2014മുതൽ31.3.2015വരെ |
| സെക്രട്ടറി | ശ്രീമതി. പി എം സെമീന | 1.4.2014മുതൽ31.3.2015വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എൻജിനീയർ | 1.ശ്രീ.ബാലകൃഷ്ണൻ.എൻ. | 1.4.2014മുതൽ08.6.2014വരെ |
| | 2.ശ്രീമതി.അന്ന ബേബി | 9.6.2014മുതൽ31.3.2015വരെ |
| കൃഷി ഓഫീസർ | 1.ശ്രീമതി.എസ്. സിമി | 1.4.2014മുതൽ 30.4.2014F.Nവരെ |
| | 2.ശ്രീമതി.ബി.ആർ.ശ്രീലേഖ | 30.4.2014ANമുതൽ 07.6.2014FNവരെ |
| | 3. ശ്രീമതി.ചെല്ലമ്മ.ടി.എൻ | 7.6.2014ANമുതൽ 31.3.2015വരെ |
| വി.ഇ.ഒ. | 1.ശ്രീ.കുഞ്ഞ്മുഹമ്മദ്.എ.കെ. | 1.4.2014മുതൽ31.1.2015വരെ |
| | 2. ശ്രീമതി.പ്രമീള | 31.1.2015മുതൽ31.3.2015വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. അഹിത എ. ഖാദർ | 1.4.2014മുതൽ31.3.2015വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1.ശ്രീമതി.കെ. എച്ച്. ലൈല | 1.4.2014മുതൽ28.9.2014വരെ |
| | 2. ശ്രീകുമാരി. എ.കെ | 29.9.14മുതൽ31.3.15 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 1. ഡോ.ഹരിപ്രസാദ് | 1.4.2014മുതൽ24.4.2014 വരെ |
| | 2. ഡോ.അന്ന എം ജോർജ്ജ് | 25.4.2014മുതൽ23.5.2014വരെ |
| | | 20.11.2014 AN മുതൽ 31.3.2015 വരെ |
| | 3. ഡോ.വീണ വർഗീസ് | 24.05.2014മുതൽ 31.05.2014വരെ |
| | 4. ഡോ.ഹരി പ്രസാദ് | 1-06-2014മുതൽ 12-6-2014F.N വരെ |
| | 5. ഡോ.അമർലാൽ | 12.6.2014.A.Nമുതൽ 20.11.14 F Nവരെ |
| വെറ്ററിനറി സർജൻ | ഡോ.ബിജ്ജു .കെ .വർഗീസ് | 1.4.2014മുതൽ31.3.2015 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷഹീറ. എം. എ | 1.4.2014 മുതൽ 31.3.2015 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ,<br>ഗവ .യു പി എസ് | ശ്രീ കുഞ്ഞപ്പൻ. കെ. എ | 1.4.2014മുതൽ<br>31.3.2015 വരെ |
| അസി. സെക്രട്ടറി | ശ്രീ ജോർജ്ജ് .കെ. എം | 1.4.2014മുതൽ31.3.2015 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | അശമന്നൂർ പഞ്ചായത്ത് ലൈബ്രറി | 1-12 |
| | ഭാഗം - 2 | |
| 13 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| | ഭാഗം - 3 | |
| 15 | തെരുവു വിളക്ക് പരിപാലനം- എൽ ഇ ഡി -ലാംപ് | 3-1 |
| 16 | ടാറിങ് പ്രവൃത്തിക്ക് അധിക അളവിൽ തുക നൽകി | 3-2 |
| 17 | വീട് പുനരുദ്ധാരണം | 3-3 |
| 18 | വിനിയോഗ സാക്ഷ്യപത്രം | 3-4 |
| 19 | കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്റ്റുകൾ | 3-5 |
| 20 | എസ് .എസ്. എ. വിഹിതം അധികം അടച്ചു | 3-6 |
| 21 | ദേശീയ ആരോഗ്യ പരിപാടി- അനുബന്ധ പ്രവർത്തനങ്ങൾ- മാർഗരേഖയ്ക്ക് വിരുദ്ധം | 3-7 |
| | ഭാഗം - 4 | |
| 22 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് -2015-16 | അനുബന്ധം1 |
| 32 | ബാലൻസ് ഷീറ്റ് -2015-16 | അനുബന്ധം2 |
| 33 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്-2015-16 | അനുബന്ധം3 |
| 34 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്-2015-16 | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.03.15 തീയതിയിലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വരവ് | 108478085 | 53472562 | 55005523 | 50.7% |
| ചെലവ് | 99222552 | 44112208 | 55110344 | 55.54% |

പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്നത് പ്രകാരം ബജറ്റ് തയ്യാറാക്കാത്തതു മൂലമാണ് ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ ഇത്തരത്തിൽ വലിയ അന്തരം ഉണ്ടായത്. ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2015 | 19.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 03.12.2016 |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അപാകതകൾ ഇല്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,09,73,116 |
| വരവ് | 3,24,99,446 |
| ആകെ | 5,34,72,562 |
| ചെലവ് | 4,41,12,208 |
| നീക്കിയിരിപ്പ് | 93,60,354 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ TC | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2226967 | 401751 | 2628718 | 5594196 | 2965478 | 100% |
| വികസനഫണ്ട് എസ്.സി.പി. | 1318682 | 2369151 | 3687833 | 2974473 | 713360 | 100% |
| വികസനഫണ്ട് ടി.എസ്.പി. | - | 9000 | 9000 | 9000 | - | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 4237882 | 8477385 | 12715267 | 12715267 | - | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 930438 | 1549701 | 2480139 | 2480139 | - | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1435254 | 4527668 | 5962922 | 4000655 | 1962267 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2076434 | 313968 | 2390402 | 2075551 | 314851 | 100% |
| എം.എൻ.ആർ. ഇ.ജി.എസ്. | - | 412771 | 412771 | 409429 | 3342 | 100% |
| ബി ഫണ്ട് | - | 793329 | 793329 | 793329 | - | 100% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 185 | 47217012 | 153 | 32380619 | - | 32 | 82% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.49% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4929439 | 51927794 | 263355 | 5.34%(+) |
| നികുതിയേതര വരവുകൾ | 1475867 | 1665472 | 189605 | 12.84%(+) |
| മറ്റുവരവുകൾ | 138578 | 111885 | 26693 | 19.26%(-) |
| ആകെ | 6543884 | 6970151 | 426267 | 6.51%(+) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119880 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 5925900 | 698 |
| വിധവാപെൻഷൻ | 6246680 | 585 |
| വാർദ്ധക്യകാലപെൻഷൻ | 6463500 | 970 |
| വികലാംഗപെൻഷൻ | 2172910 | 210 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 510000 | 17 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 266520 | 27 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.12.2016-ന് അസി.സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8254/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്, തപാലുകൾ കൃത്യമായി രേഖപ്പെടുത്തി സെക്ഷനുകളെ ഏല്പിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ശരിയായി പരിപാലിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.11.2016 | 10/2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.2008 | 1997-98 to 2007-08 | 23.01.2009 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

**(എ)**

ശ്രീ. ബാബു പി.വി, പാറയ്ക്കാട്ട് വീട്, ചെറുകുന്നം എന്ന വ്യക്തിയുടെ അശമന്നൂർ വില്ലേജ് സർവ്വേ നം. 70/1, വാർഡ് I ൽ 213 G മുതൽ 213 N വരെയുള്ള, 63.75 ച.മീറ്റർ വീതം തറ വിസ്തീർണ്ണമുള്ള പാർപ്പിട ആവശ്യത്തിനുള്ള 8 മുറികൾ ഉള്ള കെട്ടിടം(ആകെ തറ വിസ്തീർണ്ണം 510.02 ച.മീ) സംസ്ഥാന പാത-16 ആലുവ-മൂന്നാർ റോഡിൻെറ വശത്താണ് സ്ഥിതി ചെയ്യുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന മുറികൾക്ക് വസ്തു നികുതി നിർണയിച്ചപ്പോൾ മേഖല അടിസ്ഥാനത്തിൽ ദ്വിതീയ മേഖലക്ക് 10% ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ.

| | |
|---|---|
| മുറികളുടെ ആകെ തറ വിസ്തീർണ്ണം 510 ച.മീറ്റർ (63.75 x 8) ച.മീറ്ററിന് 5 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി - (510 x 5) | 2550 |
| ദ്വിതീയ മേഖലക്ക് 10% ഇളവ് | 255 |

ആലുവ-മൂന്നാർ റോഡിൻെറ വശത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം പ്രഥമ മേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി മേഖല അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിതിലൂടെ വാർഷിക വസ്തു നികുതിയിൽ 255 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രഥമ മേഖലയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(**ബി**)**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അരോമാറ്റിക്ക് ആന്റ് മെഡിസിനൽ പ്ലാന്റ്സ് റിസർച്ച് സ്റ്റേഷൻ, ഓടക്കാലി എന്ന സ്ഥാപനത്തിന്റെ വിദ്യാഭ്യാസ ആവശ്യത്തിനായി പണികഴിപ്പിച്ചിട്ടുള്ള ബയോ ആക്റ്റിവിറ്റി ലാബിന് വസ്തു നികുതി നിർണ്ണയ പ്രകാരം VIII-79A കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. അശമന്നൂർ വില്ലേജിൽ സർവ്വേ നം. 76 ലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 718.35 ച. മീറ്ററാണ് (തറ നില-355.50 ച.മീ, ഒന്നാം നില-340.85 ച.മീ, രണ്ടാം നില സ്റ്റെയർ–22 ച.മീ). എന്നാൽ 718.35 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണയിച്ചപ്പോൾ തറ നില-355.50 ച.മീ തറ വിസ്തീർണ്ണം മാത്രമേ കണക്കാക്കിയിട്ടുള്ള, ബാക്കി 362.85 ച.മീറ്റർ തറ വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല (ഒന്നാം നില-340.85 ച.മീ, രണ്ടാം നില സ്റ്റെയർ–22 ച.മീ). ഇതുമൂലം വാർഷിക വസ്തു നികുതി യിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ.

| - | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി തുക (തറ വിസ്തീർണ്ണം x അടിസ്ഥാന വസ്തുനികുതി നിരക്ക്-5) | 3591.75 ( 718.35 x 5) | 1777.50 (355.50 x 5) | 1814.25 |
| വർദ്ധനവ് - 20% (റോഡ് -എ.എം റോഡ്) | 718.35 | 355.50 | 362.85 |
| വാർഷിക വസ്തു നികുതി തുക | 4311 | 2133 | 2178 |

പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ഈടാക്കിയതിൽ 2178/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

**(**സി**)**

ശ്രീ. അബ്ദുൾ സമദ് സി.ഐ, ഫാത്തിമ മൻസിൽ, പല്ലാരിമംഗലം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഹൈറേഞ്ച് വുഡ് ഇൻഡസ്ട്രീസ്, ചെറുകുന്നം എന്ന പ്ലൈവുഡ് നിർമ്മാണ കമ്പനിയ്ക്ക് വസ്തു നികുതി നിർണ്ണയ പ്രകാരം I-222 A കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. അശമന്നൂർ വില്ലേജിൽ സർവ്വേ നം. 68/9,10,11,12,14,15 ലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന്റെ 19-01-2012 ലെ സി2-3978/11അന്തിമ വിജ്ഞാനം പ്രകാരം ഉപയോഗക്രമത്തിനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളിൽ ക്രമ നം. 6-വ്യവസായ ആവശ്യത്തിനുള്ളവയിൽ 6.2ന്റെ വ്യവസായ ആവശ്യത്തിനുള്ളവയുടെ നിരക്ക് 50/- രൂപയാണ്. എന്നാൽ 330.01 തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണയിച്ചപ്പോൾ വ്യവസായ ആവശ്യത്തിനുള്ളവയുടെ അടിസ്ഥാന വസ്തുനികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 6.1ന്റെ വ്യവസായ ആവശ്യത്തിനുള്ളവയുടെ നിരക്കായ 15/- രൂപയാണ് എടുത്തിരിക്കുന്നത്. കൂടാതെ സംസ്ഥാന പാത-16 ആലുവ-മൂന്നാർ റോഡിൻെറ (എ.എം റോഡ്) വശത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം പ്രഥമ മേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി മേഖല അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിതിലൂടെയും വാർഷിക വസ്തുനികുതി യിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. കേരള സർക്കാരിന്റെ 14.01.2014-ലെ സ.ഉ.(അ)20/11/സതൃഭവ ഉത്തരവും എസ്.ആർ.ഒ. നം.36/11-ലെ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ക്രമ നം.7 വ്യവസായ ആവശ്യത്തിനുള്ളവയിൽ 7(ii) ഇതര ആവശ്യത്തിനുള്ളവയുടെ നിരക്ക് 40-60 ആണ്. പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 15 രൂപയാണ്. പ്രസ്തുത പ്ലൈവുഡ് നിർമ്മാണ കമ്പനി 7(ii)-ലാണ് വരേണ്ടത്. വിശദ വിവരം ചുവടെ.

| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി തുക (തറ വിസ്തീർണ്ണം - 330.01 x അടിസ്ഥാന വസ്തുനികുതി നിരക്ക്) | 16500.50 ( 330.01 x 50) | 4950 ( 330.01 x 15) | 11550.5 |
| ഇളവ് - (ദ്വിതീയ മേഖല -10% മേൽക്കൂര (ഷീറ്റ്) - 10%) | 3300.10 (ദ്വിതീയ മേഖല – 10% മേൽക്കൂര (ഷീറ്റ്)- 10%) | 990 (ദ്വിതീയ മേഖല -10% മേൽക്കൂര (ഷീറ്റ്) - 10%) | 2310.10 |
| വർദ്ധനവ്- 20% (റോഡ്) | 3300.10 | 990 | 2310.10 |
| വാർഷിക വസ്തു നികുതി തുക | 16501 | 4950 | 11551.00 |

പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ഈടാക്കിയതിൽ 11551/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ,സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

**(ഡി)**

ശ്രീ. ഉമ്മർ വി.എ, വെള്ളാക്കുടി വീട്, വെങ്ങോല, അല്ലപ്ര പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ ടിംബേഴ്സ് ആന്റ് സോമിൽ, മേതല എന്ന പ്ലൈവുഡ് നിർമ്മാണ കമ്പനിയ്ക്ക് വസ്തു നികുതി നിർണ്ണയ പ്രകാരം IX-280 A കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. അശമന്നൂർ വില്ലേജിൽ സർവ്വേ നം. 222-8,18,19 ലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. ഗ്രാമ പഞ്ചാത്തിന്റെ 19-01-2012-ലെ സി2-3978/11അന്തിമ വിജ്ഞാപന പ്രകാരം ഉപയോഗക്രമത്തിനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളിൽ ക്രമ നം. 6-വ്യവസായ ആവശ്യത്തിനുള്ളവയിൽ 6.2 വ്യവസായ ആവശ്യത്തിനുള്ളവയുടെ നിരക്ക് 50/- രൂപയാണ്. എന്നാൽ 292.95 തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണയിച്ചപ്പോൾ 6.2ന്റെ വ്യവസായ ആവശ്യത്തിനുള്ളവയുടെ അടിസ്ഥാന വസ്തുനികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 6-1-ലെ വ്യവസായ ആവശ്യത്തിനുള്ളവയുടെ നിരക്കായ 15 രൂപയാണ് എടുത്തിരിക്കുന്നത്. ഇതുമൂലം വാർഷിക വസ്തു നികുതി യിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. കേരള സർക്കാരിന്റെ 14.01.2014-ലെ സ.ഉ.(അ)20/11/സതൃഭവ ഉത്തരവും എസ്.ആർ.ഒ. നം.36/11-ലെ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ക്രമ നം.7 വ്യവസായ ആവശ്യത്തിനുള്ളവയിൽ 7(ii) ഇതര ആവശ്യത്തിനുള്ളവയുടെ നിരക്ക് 40-60 ആണ്. പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 15 രൂപയാണ്. പ്രസ്തുത പ്ലൈവുഡ് നിർമ്മാണ കമ്പനി 7(ii)-ലാണ് വരേണ്ടത്. വിശദ വിവരം ചുവടെ.

| ഇനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി തുക (തറ വിസ്തീർണ്ണം - 292.95 x അടിസ്ഥാന വസ്തുനികുതി നിരക്ക്) | 14647.50 (292.95 x 50) | 4394.25 (292.95 x15) | 10253.25 |
| ആകെ ഇളവ് - 20% (ദ്വിതീയ മേഖല -10% | 2929.50 | 878.85 | 2050.65 |

| | | | |
|---|---|---|---|
| മേൽക്കൂര (ഷീറ്റ്) - 10%) | | | |
| വാർഷിക വസ്തു നികുതി തുക | 11718 | 3516 | 8202 |

പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ഈടാക്കിയതിൽ 8202/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

**(ഇ)**

ശ്രീ. സാജു കെ. ജോൺ, സജി വില്ല, ചെറുകുന്നം എന്ന വ്യക്തിയുടെ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയ പ്രകാരം I-264 A കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. അശമന്നൂർ വില്ലേജ് സർവ്വേ നം. 75/15-1, 15-2 ൽ 236.03ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം സംസ്ഥാന പാത-16 ആലുവ-മൂന്നാർ റോഡിൻെറ (എ.എം റോഡ്) വശത്താണ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി മേഖല അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിതിലൂടെ വാർഷിക വസ്തുനികുതി യിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ.

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 236.03 ച.മീറ്റർ<br>ച.മീറ്ററിന് 5 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി - (236.03 x 5) | 1180.15 |
| ദ്വിതീയ മേഖലക്ക് 10% ഇളവ് | 118 |

ആലുവ-മൂന്നാർ റോഡിനോട് (എ.എം റോഡ്) ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം പ്രഥമ മേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി മേഖല അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിതിലൂടെ വാർഷിക വസ്തു നികുതിയിൽ 118/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രഥമ മേഖലയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(എഫ്)**

ശ്രീ. ഷെമീർ സി.പി, ചിറ്റേത്തുകുടി, ഏക്കുന്നം, അശമന്നൂർ പി.ഒ എന്ന വ്യക്തിയുടെ വാണിജ്യ ആവശ്യത്തിനുള്ള 10 മുറികളുള്ള കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയ പ്രകാരം VIII-5A മുതൽ 5J വരെ കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. അശമന്നൂർ വില്ലേജിൽ സർവ്വേ നം. 69/7 ലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 212.52 ച. മീറ്ററാണ് (തറ നില-70.84 ച.മീ, ഒന്നാം നില-70.84 ച.മീ, രണ്ടാം നില- 70.84 ച.മീ). എന്നാൽ 212.52 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണയിച്ചപ്പോൾ ആകെ 176.28 ച.മീ തറ വിസ്തീർണ്ണം മാത്രമേ കണക്കാക്കിയിട്ടുള്ളു (5A മുതൽ 5J വരെയുള്ള 10 മുറികളിൽ 5Dമുറിക്ക് മാത്രം 15 ച.മീറ്റർ തറ വിസ്തീർണ്ണവും മറ്റ് 9 മുറികൾക്ക് 17.9 ച.മീറ്റർ തറ വിസ്തീർണ്ണം വീതവും). ബാക്കി 36.2 ച.മീറ്റർ തറ വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല. വിശദ വിവരം ചുവടെ.

| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി തുക<br>(തറ വിസ്തീർണ്ണം x അടിസ്ഥാന വസ്തുനികുതി നിരക്ക്-5) | 10626<br>( 212.52 x 50) | 8814<br>(176.28 x 50) | 1812 |
| വർദ്ധനവ് - 20%<br>(റോഡ് -എ.എം റോഡ്) | 2125.20 | 1762.80 | 363 |
| വാർഷിക വസ്തു നികുതി തുക | 12752 | 10577 | 2175 |

പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ഈടാക്കിയതിൽ 2175/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ,സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.(ആകെ=24,106/-)

## 2-2 <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിലധികം ദിവസം തൊഴിൽ ചെയ്യുന്നവർ വരുമാനമനുസരിച്ച് നിശ്ചിത തുക തൊഴിൽ നികുതി അടയ്ക്കേണ്ടതുണ്ട്. എന്നാൽ 2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| അസസ്മെന്റ് വർഷം | പേര്/സ്ഥാപനം | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക / രസീത് നം | കുറവ് |
|---|---|---|---|---|---|
| 1.04.15 – 30.09.15 | റാണി വർഗ്ഗീസ്, അസിസ്റ്റന്റ് പ്രൊഫസർ, ഐ.എൽ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്,മേതല | 1,00,956 | 1,000 | 750/- 11502101148/ 30.9.15 | 250 |
| 1.10.15 – 31.03.16 | ശോഭ കെ.കെ, സ്വീപ്പർ, അശമന്നൂർ സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക്, അശമന്നൂർ പി.ഒ | 1,25,695 | 1,250 | 1,000 11502102757/ 4.3.16 | 250 |
| ആകെ | | | | | 500 |

തൊഴിൽ നികുതി ഈടാക്കിയതിൽ 500/-രൂപയുടെ കുറവ് വന്നിട്ടുണ്ട്. നഷ്ടമായ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്ക് - എൽ. ഇ.ഡി. ലാംപ് വാങ്ങൽ - ₹.2,38,316/- നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SOO101/16 |
| അടങ്കൽ | 721135- |
| ചെലവ് | 214693- (13th FC)<br>506442- (own fund) |
| ബിൽ നം. | 21/15-16 തീ. 29/12/15, ₹.2,14,693/- (DD No.144234/31.12.15) ₹.4,90,587/- (Ch.no.1690540 Dt.23.2.16) |
| നിർവ്വഹണം | സെക്രട്ടറി |

“ജി.ഒ.(ആർ.ടി.)5/14 spd dt.18.8.14 പ്രകാരം കെൽട്രോൺ സ്വയം നിർമ്മിച്ച എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ ഒന്നിന് 1750- രൂപ വീതം (നികുതി ഉൾപ്പെടെ ) സർക്കാർ / ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്ക് 18.8.14 മുതൽ ഒരു വർഷത്തേയ്ക്ക് വാങ്ങാം" എന്നാണ്. എന്നാൽ അശമന്നൂർ ഗ്രാമ പഞ്ചായത്ത് 2015-16 വർഷം ടെൻഡർ ക്ഷണിച്ച് തെരുവു വിളക്കിന് എൽ.ഇ.ഡി. ലാംബ് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ടെൻഡർ ക്ഷണിച്ചതിൽ 2755/- രൂ. ക്വോട്ട് ചെയ്ത എക്കോമെറ്റ് എനർജി സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് നല്കി. ബിൽ പ്രകാരം (No.C3-101/15dtd 8.3.15) ഒരു എൽ.ഇ.ഡി. ലാംബിന് 2549.81 രൂപയാണ് നല്കിയിട്ടുള്ളത്. ഉത്തരവിനു വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിനാൽ താഴെപ്പറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

| ഇനം | നല്കിയ തുക | നല്കാവുന്ന തുക | അധികംനല്കിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| LED Lamp(257) | 257x2549.81<br>655301.17 | 257x1750<br>449750 | 205551.17 |
| Tax | 32765.06 | - | 32765.06 |
| ആകെ അധികം നല്കിയ തുക | | | 238316.23 |

അധികം നൽകിയ തുക തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ടാറിങ് പ്രവൃത്തിക്ക് അധിക അളവിൽ തുക നൽകി

താഴെ ചേർക്കുന്ന പ്രവൃത്തിക്ക് (supplying & stacking 6mm brocken stone including cost & conveyance etc, complete) എന്നയിനത്തിന് അധിക അളവിൽ നിരക്ക് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ:-

| | |
|---|---|
| പ്രോജക്റ്റ് | ചെറുകുന്നം പഴയ ശാസ്താ റോഡ് -റീ ടാറിങ് ,വാർഡ്-1 |
| പ്രോജക്റ്റ് നം. | S070/15 |
| അടങ്കൽ | 283000/- |
| ചെലവ് | 283000/- |
| ബിൽ. നം,തീ. | 32/15-16,13.10.15 |
| അളവ് പുസ്തകം | 47/15-16 |
| കരാറുകാരൻ | പി.കെ.രാജീവ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പ്രവൃത്തിയുടെ വിവരം-(അളവ് പുസ്തകം ഇനം -2, 3)

| ചെയ്ത അളവ് | നിരക്ക് | നല്കിയതുക | അനുവദനീയ അളവ് | നൽകേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 7.41m3 (6mm) | 1327.00/ m3 | 9833/- (1327x7.41) | 0.009/m3x714m2= 6.426m3 | 8527/- (1327x 6.426 m3) | 1306/- |

മേൽ പ്രവൃത്തിക്ക് അധിക അളവിന് നിരക്ക് അനുവദിച്ചതിന് വിശദീകരണം ഹാജരാക്കേണ്ടതും അധികമായ അളവിന് തുക കൈമാറിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ തുക ഈടാക്കേണ്ടതാണ്.

## 3-3 വീട് പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്റ്റ് | വീട് പുനരുദ്ധാരണം |
| പ്രോജക്റ്റ് നം. | S0059/16 |
| അടങ്കൽ | 390000/- |
| ചെലവ് | 390000/- |
| ബിൽ നം. | 12/15-16 തീ. 25/09/15, Amt..40000/-<br>19/15-16 തീ. 31/12/15 “ 60000/-<br>25/15-16 തീ. 02/02/16 “ 30000/-<br>26/15-16 തീ. 02/02/16 “ 70000/--<br>32/15-16 തീ.17/03/16 “ 80000- |

| | |
|---|---|
| | 41/15-16 തീ.23/03/16 " 20000/-<br>43/15;16 തീ. 02/04/16 " 90000/- |
| നിർവ്വഹണം | വി. ഇ. ഒ |

മേൽ സൂചിപ്പിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി പുഷ്പരാജൻ നായർ എന്ന വ്യക്തിക്ക് മേൽക്കൂര നിർമ്മിക്കുവാൻ 10000/- രൂപ (DD No. 150245 തീ. 02/04/16) അനുവദിച്ചിരുന്നു. 16/11/13 തീയതിയിലെ ജി.ഒ. (എം.എസ്)362/13 ത.സ്വ.ഭ.വ. പ്രകാരം ചുമർ ബലമുള്ളതും എന്നാൽ, മേൽക്കൂര ഓല / പുല്ല് /തകരഷീറ്റ് എന്നിവ ഉപയോഗിച്ച് മേഞ്ഞ വീടായിരിക്കണം. അല്ലെങ്കിൽ പൂർണ്ണമായി ജീർണ്ണിച്ച ഓട് മേഞ്ഞ വീടായിരിക്കണം. എന്നാൽ, നിലവിൽ കോൺക്രീറ്റ് മേൽക്കൂരയുള്ള (Building tax – Assesment Reg.6/481) വീടിന്റെ ട്രസ്സ് വർക്കിനാണ് പുഷ്പരാജൻ നായർ എന്ന വ്യക്തിക്ക് തുക അനുവദിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗ സാക്ഷ്യപത്രം

താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ ഡെപ്പോസിറ്റ് വർക്കുകളായി വിവിധ ഏജൻസിയ്ക്ക് നൽകിയതാണ്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല .

| ക്രമ. നം | പ്രോജക്റ്റ് നം/ പേര് | ഏജൻസി | ബിൽ നം/ തി | തുക |
|---|---|---|---|---|
| 1. | 57/15-16<br>Water rich Project | District Panchayath | 13/16 dt.28.9.15 | 1,29,711 |
| 2. | 209/15-16<br>IAY (SCP) | Block panchayath | 40/16 Dt.31.3.2016 | 8,00,000 |
| | 20/15-16<br>IAY(SCP) | Block panchayath | 2/16 dt.15.9.15 | 1,40,000 |
| 3 | 174/15-16<br>SC Canopyയിൽ ice cream വിതരണ ത്തിനുള്ള ധനസഹായം | District panchayath | 5/16 dt.15.9.15 | 2,23,374 |
| 4 | 70/15-16<br>ST hostel നിർമ്മാണം | District panchayath | 13/16 dt.16.3.16 | 9,000 |
| | | | 11/16 dt.28.2.16 | 9,000 |
| 5 | 115/15-16<br>PHC Electrfication | PWD Electrical Division Thrissur | 25/16 dt.25.1.16 | 1,12,400 |
| | | | 12/16 dt.28.9.15 | 2,600 |
| 6 | 116/16<br>Rajiv Gandhi Seva kendram | PWD Electrical Division Thrissur | 23/16 dt.25.1.16 | 1,67,134 |
| | | | 24/16dt.25.1.16 | 4,066 |
| | | | 11/16 dt.28.9.16 | 4,800 |
| Total | | | | 1602085 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

**I.** സമഗ്രതെങ്ങുകൃഷി വികസനം

| | |
|---|---|
| പ്രോജക്ട് നം. | S0011/16 |
| അടങ്കൽ | 533333 |
| ചെലവ് | 400000 (13$^{th}$ FC) |

| | |
|---|---|
| ബിൽ നം. | 3/15-16 തീ. 29/02/16, Amt..400000- |

സമഗ്രതെങ്ങുകൃഷി വികസനം എന്ന പ്രോജക്ട് പ്രകാരം വളത്തിന് സബ്സിഡി നല്കുകയാണ് ചെയ്തിട്ടുള്ളത്. ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്:-

a) സബ്സിഡി മാർഗ്ഗരേഖ പ്രകാരം നാമമാത്ര കർഷകർക്കും കൃഷി നടത്തുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്കുമാണ് സബ്സിഡി നല്കാവുന്നത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം നാളികേരോല്പാദക സംഘം അശമന്നൂരിനാണ് Service Co-operative Bank മുഖേന വളം നൽകുന്നതിനുള്ള അനുമതി (permit) നൽകിയിട്ടുള്ളത്. നാളികേരോല്പാദക സംഘം തെങ്ങ് കൃഷി നടത്തുന്ന ഗ്രൂപ്പല്ല. ഇവർ വളം വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

(b) അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.

(c) 417 ഗുണഭോക്താക്കൾ വളം വാങ്ങുന്നതിനുള്ള അപേക്ഷ ഹാജരാക്കിയിട്ടില്ല.

ഇത്തരം അപാകതകൾ ഓഴിവാക്കാൻ ഭാവിയാൽ ശ്രദ്ധിക്കേണ്ടതാണ്.

**II.** <u>കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് **(നം. 67315067406)**</u>

നെൽ കൃഷി വികസനം പ്രോജക്റ്റിനായുള്ള തുകകളാണ് ഈ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. ഇതിൽ

(a)31.3.15 ൽ പാസ്സ് ബുക്കിൽ 606049/- നീക്കിയിരിപ്പുണ്ട്. ഇതിൽ നിന്നും 576869/- രൂ 22.4.15 ൽ പിൻവലിച്ചിട്ടുണ്ട്. വിശദാംശം ഹാജരാക്കിയില്ല.

(b) 31.3.16 ൽ 9865/- രൂ ബാക്കിയുണ്ട്. ഈ തുകയിൽ നെൽ കർഷകർ കൈപ്പറ്റാത്ത തുക തിരികെ ഈടാക്കേണ്ടതാണ്.

# 3-6 എസ്.എസ്.എ. വിഹിതം അധികമടച്ചു

2014-15 സാമ്പത്തിക വർഷത്തിൽ അശമന്നൂർ ഗ്രാമ പഞ്ചായത്തിന്റെ എസ്.എസ്.എ. വിഹിതം 1,93,386/- രൂപയായിരുന്നു. എന്നാൽ ഇതേ വർഷം 5,00,000/- രൂപ എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസിൽ മുൻകൂറായി അടച്ചിരുന്നു. അധികം അടച്ച 3,06,614/- രൂപയിൽ 2015-16 സാമ്പത്തീക വർഷത്തെ വിഹിതം 1,93,386/- രൂപ ക്രമീകരിച്ചിട്ടുണ്ട്. ബാക്കിയിള്ള 1,13,228/- രൂപ എസ്.എസ്.എ. എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, അല്ലാത്ത പക്ഷം തുടർന്നുള്ള വർഷങ്ങളിലെ വിഹിതത്തിൽ ക്രമപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

# 3-7 ദേശീയ ആരോഗ്യ പരിപാടി - അനുബന്ധ പ്രവർത്തനങ്ങൾ - മാർഗരേഖയ്ക്ക് വിരുദ്ധം

| പ്രോജക്ട് | ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തുന്ന അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|
| 1)പ്രോജക്ട് നം. | 128/2015 (spill over) |
| അടങ്കൽ | 30000 |
| ചെലവ് | ₹.25,503/- (ബിൽ നം.11/15-16 dt.21.3.16)<br>₹.4,497/- (ബിൽ നം.11/15-16 |

| | |
|---|---|
| | dt.21.3.16) |
| 2)പ്രോജക്ട് നം. | 6/2015-16 |
| അടങ്കൽ | 30000 |
| ചെലവ് | ₹.25,000/- (ബിൽ നം.15/15-16 dt.21.3.16)<br>₹.5,000/- (ബിൽ നം.14/15-16 dt.21.3.16) |
| നിർവ്വഹണോദ്യോഗസ്ഥൻ | M O PHC |

2014-15 വർഷത്തിൽ ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തുന്ന അനുബന്ധ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി 30,000/- രൂപഅടങ്കൽ നിശ്ചയിച്ച് അതിൽ 25,503/- രൂപ ചെലവഴിച്ചിരുന്നു. അതിന്റെ ബാക്കി തുകയാണ് ബിൽ നം.11/15-16 dt.21.3.16 പ്രകാരം ചെലവഴിച്ച 4,497/- രൂപ. കൂടാതെ 2015-16ൽ ഇതേ പ്രോജക്ട് വീണ്ടും 30,000/- രൂ. അടങ്കൽ വച്ച് നടപ്പാക്കുകയുണ്ടായി. പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ നടത്തിപ്പിനായിട്ടാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഇത്തരമൊരു പ്രോജക്ട് അംഗീകരിക്കപ്പെട്ടിട്ടില്ല. പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് തദ്ദേശസ്ഥാപനത്തിൻറെ വിഹിതമായി തനത് ഫണ്ടിൽ നിന്നും 5,000/- രൂപ ചെലവിടുന്നതിനാണ് അനുമതി. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 6150.00 | പാലിയേറ്റീവ് | 6150.00 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 125000.00 | പയ്യാൽ അങ്കണവാടി പുനരുദ്ധാരണം | 125000.00 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പനച്ചിയം ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം | 15/15-16, 30/9/15 | 43732/- | 43732/- | - |
| ജില്ലാപഞ്ചായത്ത് | വാട്ടർ റിച്ച് പദ്ധതിക്കുവേണ്ടി | 13/15-16, 28/9/15 | 129711/- | 129711/- | - |

| | | | | | |
|---|---|---|---|---|---|
| | പഞ്ചാ വിഹിതം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | ഐ. എ .വൈ വിഹിതം | 40/15-16, 31/3/16 | 800000/- | 800000/- | - |
| പി. ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | പി.എച്ച്.സി ഇലക്ട്രിപഫിക്കേഷൻ | 25/15-16, 28/1/16 | 112400/- | 112400/- | - |
| പി. ഡബ്ല്യൂ .ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | രാജീവ് ഗാന്ധി സോവാകേന്ദ്രം പൂർത്തീകരണം | 23/15-16, 28/1/16 | 167134/- | 167134/- | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഈയിനത്തിൽ ഫണ്ടുകളൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | GO.781/10 dt 8.3.10 | 40,00,000 | 5,03,865 | 5,03,865 | 18,395 | - |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16വർഷം ലഭിച്ച 19230/-രൂപയുടെ വിശദാംശ ങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2000-01 | 3-14 | 9,230 | V A Joseph, secretary | 11502400013/23.12.15 |
| 2012-13, 2013-14 | 2-1 | 2,500 2,500 | Chairman,ILM College of Eng.Tech | 11502102322/8.2.16, 11502102323/8.2.16 |
| 2012-13, 2013-14 | 2-1 | 2,500 2,500 | ---”--- | 11502102333/10.2.16, 11502102334/10.2.16 |

| | | | |
|---|---|---|---|
| ആകെ | 19,230 | | |

(RP-10-ൽ ഓഡിറ്റ് റിക്കവറിയിനത്തിൽ 9,230/-രൂപയുടെ വരവേ ഉൾപ്പെടുത്തിയിട്ടുള്ളു.)

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-6 | 2005-06 | 37.1 | ഇല്ലത്തുപ്പടി ശുദ്ധജല പദ്ധതി മുൻകൂർതുക തിരിച്ചു പിടിയ്ക്കാത്തത് | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-8 | 2005-06 | 37.2 | വനിത ഫിഷ് മാർക്കറ്റിന് ഫ്രിഡ്ജ് ,ഫ്രീസർ വാങ്ങിയത് ഉപയോഗശൂന്യമായത് | -ടി- |
| 1999-00 | 2-9 | 2005-06 | 37.3 | വിവരവിനിമയ സാങ്കേതിക സർവ്വേ പദ്ധതി ലക്ഷ്യം കൈവരിക്കാത്തത് | -ടി- |
| 1999-00 | 2-10 | 2005-06 | 37.4 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കൾ | -ടി- |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53472562.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44112208.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 24606.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 239622.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1850401.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 24106.00 | - | പി.എം .സെമീന, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-2 | 500.00 | - | ശ്രീമതി.പി .എം .സെമീന, സെക്രട്ടറി |
| 3-2 | - | 1306.00 | ശ്രീമതി.അനു ബേബി, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 238316.00 | ശ്രീമതി.പി .എം .സെമീന, സെക്രട്ടറി |
| 3-3 | 10000.00 | ശ്രീമതി.പ്രമീള,വി.ഇ.ഒ. |
| 3-4 | 1602085.00 | ശ്രീമതി.പി .എം .സെമീന, സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -ഇല്ല.

**(ഇ)** റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പി .എം . സെമീന, സെക്രട്ടറി | സെക്രട്ടറി, അശമന്നൂർ ഗ്രാമ പഞ്ചായത്ത് | മരോട്ടിക്കൽ വീട്, എടത്തല പി ഒ, പൂക്കാട്ടുപടി |
| ശ്രീമതി.അനു ബേബി | അസി. എഞ്ചിനീയർ, അശമന്നൂർ ഗ്രാമ പഞ്ചായത്ത്(ലീവ്) | ചിറപ്പുറത്ത് വീട്, വളയൻചിറങ്ങര.പി.ഒ പെരുമ്പാവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LFE(P2)139(3)/11dt.19.5.11 |
| 1999-00 | LFE(P2)1395(36)/11dt.19.5.11 |
| 2000-01 | KSA-EKM(P2)719/15 dt.22.09.15 |
| 2001-02 | KSA-EKM(P2)719/15 dt.22.09.15 |
| 2004-05 | KSA-EKM(P2)719/15 dt.22.09.15 |
| 2005-06 | LFE(P2)1272/09dt.1.6.2011 |
| 2006-07 | LFE(P2)1273/11dt.8.3.2010/7.6.10 |
| 2007-08 | LFE(P2)2034/12dt.5.3.2013 |
| 2008-09 | LFE(P2)2035/12dt.6.3.2013 |

| | |
|---|---|
| 2009-10 | LFE(P2)2035/15dt.21.1.2016 |
| 2010-11 | LFE(P2)00/00dt.0.0.00 |
| 2011-12 | LFE(P2)00/00dt.0.0.00 |
| 2012-13 | LFE(P2)985/15dt.22.4.2015 |
| 2013-13 | LFE(P2)985/15dt.22.4.2015 |
| 2014-15 | LFE(P2)1190/16dt.20.7.2016 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി2)2121/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 13.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.2)2121/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 13.12.2016

Certified that I have audited the Annual Financial Statement of ASAMANNUR Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of ASAMANNUR Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)